SUPRABHATAM - 29-05-2025

# വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ' ഇന്ന് മുതൽ

**കൊച്ചി ▸** രാജ്യത്തെ ഒന്നരക്കോടി കർഷകരുമായി കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും നേരിട്ട് സംവദിക്കുന്ന ' വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ' പദ്ധതിയിൽ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ് ഭാഗമാകും.

ഇന്ന് മുതൽ ജൂൺ 12 വരെ നീളുന്ന കാംപയ്നിൽ ശാസ്ത്രജ്ഞരും വിദഗ്ധരും ഉദ്യോഗസ്ഥരും രാജ്യത്തുടനീളമുള്ള കർഷകരെ നേരിൽ കാണുകയും കൃഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യും. ഈ സംരംഭം ഏകദേശം കേരളത്തിലെ രണ്ട് ലക്ഷത്തോളം കർഷകർക്ക് പ്രയോജനപ്പെടുമെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ്ജ് നൈനാൻ അറിയിച്ചു. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്.